# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1403 | | 21.03.2012 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| വയനാട് ജില്ലയിലെ ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | വയനാട് ജില്ലയിലെ സ്കൂളുകളിൽ നിന്നും ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് കുറഞ്ഞ് വരുന്നതായാണ് കാണുന്നത്. 2008-ൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പെർഫോർമൻസ് ആഡിറ്റിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് 3.5% ആയി കുറഞ്ഞിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ നിലനിൽക്കുന്ന നേരിയ തോതിലുള്ള കൊഴിഞ്ഞു പോക്ക് കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും വേണ്ടി പട്ടിക വർഗ്ഗ വികസന വകുപ്പ് എസ്.റ്റി പ്രമോട്ടർമാരുടെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നടപടി സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ദിവസവും സ്കൂളിൽ പോയി വരാൻ സാധിക്കാത്ത പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താനായി 28 പ്രീമെട്രിക് ഹോസ്റ്റലുകളും വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകി വരുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് ഒരു പരിധിവരെ കുറക്കുന്ന |

| | | | |
|---|---|---|---|
| | | | തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ SSLC, +2, Degree കോഴ്സുകളിൽ പരാജയപ്പെടുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് തുടർ പഠനം നടത്തി വീണ്ടും പരീക്ഷ എഴുതി വിജയം നേടുന്നതിന് പ്രത്യേക ട്യൂഷൻ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇതിനു പുറമേ സ്കൂൾ സൗകര്യം ലഭ്യമാകാത്ത പ്രദേശങ്ങളിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യം ഉറപ്പുാക്കുന്നതിന് SSA യുടെ ഭാഗമായുള്ള ഭിന്നതല പഠനകേന്ദ്രങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഏകാദ്ധ്യാപക/പെരിപ്പതറ്റിക് സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. |
| ബി | പ്രസ്തുത ജില്ലയിലെ ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ ആൺ-പെൺ അനുപാതം എത്രയെന്ന് വെളിപ്പെടുത്തുമോ; | ബി | ലഭ്യമായ വിവരങ്ങളനുസരിച്ച് വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ആൺ-പെൺ അനുപാത നിരക്ക് 3.9: 3.6 എന്നാണ്. |
| സി | ജില്ലയിലെ ആദിവാസി വിഭാഗത്തിലെ പെൺകുട്ടികൾക്കായി മുട്ടിൽ ഗ്രാമപഞ്ചായത്തിൽ പ്രീ മെട്രിക് ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി | വയനാട് ജില്ലയിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിനു സമീപത്തായുള്ള പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്തിലെ കാവുമന്ദത്തും അമ്പലവയൽ ഗ്രാമ പഞ്ചായത്തിലെ അമ്പലവയലിലും പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതടക്കം വയനാട് ജില്ലയിൽ പെൺകുട്ടികൾക്കായി 9 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു. ഈ സാഹചര്യത്തിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ പട്ടികർഗ്ഗ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ തൽക്കാലം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ